LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

247 (251) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഇന്ത്യയിൽ സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളുടെ കാര്യത്തിൽ സംസ്ഥാനം തിരിച്ചുള്ള പട്ടികയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ത്രീകൾക്കുനേരെ നടന്ന അതിക്രമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) പട്ടികജാതി സ്ത്രീകൾക്കുനേരെനടന്ന അതിക്രമവുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഇ) പട്ടികവർഗ്ഗ വിഭാഗം സ്ത്രീകൾക്കുനേരെനടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2014-ൽ ആകെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) പ്രസ്തുത വിവരം ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(ബി) 13856 കേസുകൾ.

(സി) 144 കേസുകൾ.

(ഡി) 373 കേസുകൾ.

(ഇ) 86 കേസുകൾ.

അന്യസംസ്ഥാനത്തൊഴിലാളികൾ

248 (252) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് ജോലിക്കായി വരുന്നവർ ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നതിയി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കൊലപാതകം, മോഷണം, നിരോധിത ഉൽപ്പന്നങ്ങളുടെ വില്പന എന്നിവയുമായി ബന്ധപ്പെട്ട് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര പേർ പിടിക്കപ്പെട്ടു ; എത്ര പേർ പിടിക്കപ്പെടാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വന്ന് താമസിക്കുന്നവരുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനിലും സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) അന്യസംസ്ഥാനത്തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊലപാതകം - 49

മോഷണം - 240

നിരോധിത ഉൽപ്പന്നങ്ങളുടെ
വിൽപ്പനയുമായി ബന്ധപ്പെട്ടവ - 173

(സി) പിടിക്കപ്പെട്ടവർ - 625

പിടിക്കപ്പെടാനുള്ളവർ - 18

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്ന് താമസിക്കുന്ന തൊഴിലാളികളുടെ പേര്, മേൽവിലാസം, ഫോട്ടോ, ഫോൺ നമ്പർ, നിലവിലെ താമസസ്ഥലത്തെ വിലാസം തുടങ്ങിയവ ഉൾപ്പെട്ട രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. ടി രജിസ്റ്ററിലെ വിവരങ്ങൾ യഥാസമയം പുതുക്കുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ട വ്യക്തികളെയും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്.

(ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കെട്ടിട ഉടമകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്ക് ധനസഹായം

249 (253) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവരിൽ നിന്ന് സഹായിക്കുന്നവർക്ക് ചെലവാകുന്ന പണം പോലീസ് നൽകുന്നതാണെന്ന തീരുമാനം എടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly